## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:15-07-2024**

## പ്രധാനവാർത്തകൾ

1. സംസ്ഥാനത്ത് മഴ ശക്തമാകുന്നു . എല്ലാ ജില്ലകളിലും മഴ മുന്നറിയിപ്പ്. മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രത.
2. തിരുവനന്തപുരം ആമയിഴഞ്ചാൻ തോടിൽ കാണാതായ ശുചീകരണ തൊഴിലാളി ജോയ് യുടെ മൃതദേഹം കണ്ടെത്തി. ജോയിക്കായുള്ള തിരച്ചിലിൽ നീണ്ടത് 46 മണിക്കൂർ. അനുശോചനം രേഖപ്പെടുത്തി മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പ്രമുഖർ.
3. രാജ്യത്തെ ചില്ലറവ്യാപാര മേഖലയിലെ ഡിജിറ്റൽ പണമിടപാട് 2030-ഓടെ, 7 ട്രില്യൺ ഡോളറായി വർധിക്കാൻ സാധ്യതയെന്ന് റിപ്പോർട്ട്.
4. സമാധാനത്തിനും വികസനത്തിനുമായി യുവജന നൈപുണ്യം എന്ന പ്രമേയത്തിലൂന്നി ഇന്ന് ലോക യുവജന നൈപുണ്യ ദിനം.
5. അർജൻറീന വീണ്ടും കോപ്പ അമേരിക്ക ചാമ്പ്യന്മാർ; കൊളമ്പിയക്കെതിരെ ഗോൾ നേടിയത് നൂറ്റിപ്പന്ത്രണ്ടാം മിനിറ്റിൽ.

RNUTVPM

***********************************************************************

## ജയ് ശങ്കർ

ഇന്ത്യയും മാർഷൽ ദ്വീപുകളും സൗഹൃദപരമായ ഉഭയകക്ഷി ബന്ധത്തിന്റെ ഒരു നീണ്ട ചരിത്രമാണ് പങ്കിടുന്നതെന്ന് വിദേശകാര്യ മന്ത്രി ഡോ എസ് ജയ് ശങ്കർ പറഞ്ഞു. കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തങ്ങൾ, ദാരിദ്ര്യ ലഘൂകരണം, ആരോഗ്യ സംരക്ഷണം എന്നിവ ഇന്ത്യയും മാർഷൽ ദ്വീപുകളും ഒരുമിച്ച് അഭിമുഖീകരിക്കേണ്ട പൊതുവായ വെല്ലുവിളികളാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മാർഷൽ ദ്വീപുകളിൽ നാല് കമ്മ്യൂണിറ്റി വികസന പദ്ധതികൾ നടപ്പാക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവെച്ച അവസരത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

***********************************************************************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്നു.

കേരളത്തിൽ കാലവർഷം വീണ്ടും ശക്തി പ്രാപിക്കുന്നു. അതി തീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ ഇന്ന് മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്. എറണാകുളം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയുമാണ്. മഴ ശക്തമാകുന്ന സാഹചര്യത്തിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ, എറണാകുളം, കാസർഗോഡ്, വയനാട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. മുൻ നിശ്ചയപ്രകാരമുള്ള പരീക്ഷകൾക്ക് മാറ്റമില്ല. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ

RNJ TVPM

മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.
******************************************************************************

**<u>കണ്ണൂർ - (ഇൻട്രോ)</u>**

കണ്ണൂർ ജില്ലയിൽ തുടരുന്ന കനത്ത മഴയിൽ പലയിടത്തും നാശനഷ്ടമുണ്ടായി. വിനോദ സഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള സന്ദർശനത്തിന് നിയന്ത്രണം ഏർപ്പെടുത്തി.
വിശദാംശങ്ങളുമായി ആകാശവാണി
കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ..

(വോയിസ്........)
******************************************************************************

**<u>ആമയിഴഞ്ചാൻ അപകടം</u>**

തിരുവനന്തപുരം ആമയിഴഞ്ചാൻ തോടിൽ കാണാതായ ശുചീകരണ തൊഴിലാളി ജോയ് യുടെ മൃതദേഹം കണ്ടെത്തി. തകരപ്പറമ്പിലെ കനാലിൽ നിന്നാണ് മൃതദേഹം കണ്ടെത്തിയത്. പ്രാഥമിക പരിശോധനയിൽ മൃതദേഹം ജോയ് യുടേതാണെന്ന് സ്ഥിരീകരിച്ചു. ജീർണിച്ച അവസ്ഥയിലായിരുന്നു മൃതദേഹം. കാണാതായ സ്ഥലത്ത് നിന്ന് ഒരു കിലോമീറ്റർ അകലെയാണ് മൃതദേഹം കണ്ടെത്തിയത്. 46 മണിക്കൂർ നീണ്ട തെരച്ചിലിനൊടുവിലാണ് ജോയ് യുടെ മൃതദേഹം കിട്ടിയത്. നാവികസേനയുടെയും അഗ്നിരക്ഷാ സേനയുടെയും നേതൃത്വത്തിലാണ് തിരച്ചിൽ നടന്നത്. മൃതദേഹം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് മാറ്റി. മൃതദേഹം ജോയി യുടേതാണെന്ന് ബന്ധുക്കളും സുഹൃത്തുക്കളും സ്ഥിരീകരിച്ചു
******************************************************************************

RNU TVPM

## മുഖ്യമന്ത്രി -അനുശോചനം

ജോയിയുടെ മരണവാർത്ത ഏറെ ദുഃഖകരമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു. ജോയിയെ കണ്ടെത്താൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ടായിരുന്നു രക്ഷാപ്രവർത്തനം. അതിസങ്കീർണമായ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ട അഗ്നിരക്ഷാസേന, സ്കൂബാ ഡൈവിങ് സംഘം, ദേശീയ ദുരന്തനിവാരണ സേന, പോലീസ്, നാവികസേന എന്നിവരോട് നന്ദി അറിയിക്കുന്നെന്നും മുഖ്യമന്ത്രി പറഞ്ഞു. പ്രതിപക്ഷനേതാവ് വി.ഡി സതീശനും സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തി. അതേസമയം ജോയിയുടെ വീട് മുൻകേന്ദ്രസഹമന്ത്രി വി. മുരളീധരൻ സന്ദർശിക്കും.

*************************************************************************

## ഡിജിറ്റൽ ഇടപാട്

2030-ഓടെ രാജ്യത്തിൻ്റെ ചില്ലറ വ്യാപാര മേഖലയിലെ ഡിജിറ്റൽ പണമിടപാട് 7 ട്രില്യൺ ഡോളറായി വർധിക്കാൻ സാധ്യതയെന്ന് പഠന റിപ്പോർട്ട്. കെർണിയും ആമസോൺ പേയും സംയുക്തമായി നടത്തിയ പഠനത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. 2023-24 സാമ്പത്തിക വർഷത്തിൽ ഇത് 3.6 ട്രില്യൺ ഡോളറാണ്. ലോകത്തിലെ മുഴുവൻ ഡിജിറ്റൽ പണമിടപാടിൻ്റെ 46 ശതമാനവും ഇന്ത്യയിലാണെന്നും റിപ്പോർട്ടിൽ പറയുന്നു. 2016 ഏപ്രിൽ 11-നാണ് UPI ഇടപാടുകൾ ഇന്ത്യയിൽ ആരംഭിച്ചത്.

*************************************************************************

RNU TVPM

## ദേശീയ ടെസ്റ്റിംഗ് ഏജൻസി

കേന്ദ്ര സർവകലാശാലകളിൽ ഉൾപ്പെടെ ബിരുദ പ്രവേശനത്തിനുള്ള CUET - UG പരീക്ഷയെ സംബന്ധിച്ച് വ്യാപക പരാതി ഉയർന്ന സാഹചര്യത്തിൽ അർഹരായ വിദ്യാർത്ഥികൾക്ക് വീണ്ടും പരീക്ഷ നടത്തുമെന്ന് ദേശീയ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. ഈ മാസം 19-ന് കമ്പ്യൂട്ടർ അധിഷ്ഠിത രീതിയിലാണ് പരീക്ഷ വീണ്ടും നടത്തുന്നത്. പരീക്ഷാർത്ഥികൾക്ക് അഡ്മിറ്റ് കാർഡുകൾ ഉടൻ വിതരണം ചെയ്യും. ഇക്കഴിഞ്ഞ മെയ് മാസത്തിലായിരുന്നു CUET പ്രവേശന പരീക്ഷ നടത്തിയത്. പരീക്ഷാർത്ഥികൾ നേരത്തെ ആവശ്യപ്പെട്ടിരുന്ന ഭാഷയിലല്ല ചോദ്യപേപ്പർ നൽകിയത് എന്നത് ഉൾപ്പടെയുള്ള വിഷയങ്ങൾ ചൂണ്ടിക്കാട്ടി നിരവധി വിദ്യാർത്ഥികളാണ് പരാതി നൽകിയത്. പരീക്ഷയുമായി ബന്ധപ്പെട്ട പരാതികൾ ശരിയെന്ന് വ്യക്തമായാൽ അർഹരായ പരീക്ഷാർത്ഥികൾക്ക് പുനഃപരീക്ഷ നടത്തുമെന്ന് എൻ.ടി.എ നേരത്തെ അറിയിച്ചിരുന്നു.

RNUTVM

*******************************************************************************

## മുഹറം

നാളത്തെ മുഹറം പൊതു അവധി പുനക്രമീകരിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനം. സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ പൊതു അവധിയായിരിക്കും.

*******************************************************************************

## യുവജന നൈപുണ്യ ദിനം

ഇന്ന് ലോക യുവജന നൈപുണ്യ ദിനം. യുവജന നൈപുണ്യ വികസനത്തിൻറെ പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ടാണ് ദിനാചരണം. സമാധാനം

കെട്ടിപ്പടുക്കുന്നതിലും സംഘർഷങ്ങൾ പരിഹരിക്കുന്നതിലും യുവജനങ്ങൾ വഹിക്കുന്ന നിർണായക പങ്ക് ചൂണ്ടിക്കാട്ടി സമാധാനത്തിനും വികസനത്തിനുമുള്ള യുവജന നൈപുണ്യങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം.

**************************************************************************

**<u>കോപ്പ അമേരിക്ക- (ഇൻട്രോ)</u>**

കോപ്പ അമേരിക്ക കിരീടം നിലനിർത്തി അർജന്റീന.

എക്സ്ട്രാ ടൈമിൽ നേടിയ വിജയഗോളോടെയാണ്

അർജൻ്റീന കിരീടം നിലനിർത്തിയത്. ഇതോടെ അർജന്റീനയുടെ കോപ്പ കിരീട നേട്ടം 16 ആയി. വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു...

(വോയിസ്.......)

**************************************************************************

**<u>യൂറോ കപ്പ്</u>**

യൂറോ കപ്പിൽ നാലാം കിരീടം സ്വന്തമാക്കി സ്പെയിൻ. ബെർലിനിലെ ഒളിംമ്പ്യ സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ ഇംഗ്ലണ്ടിനെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തോൽപ്പിച്ചാണ് സ്പെയിനിൻറെ കിരീട നേട്ടം.

**************************************************************************

**<u>ഇടുക്കി-വെള്ളച്ചാട്ടം - (ഇൻട്രോ)</u>**

മൂന്നാറിലേക്ക് പോകുന്ന സഞ്ചാരികൾക്ക് നയനമനോഹരമായ കാഴ്ച സമ്മാനിക്കുകയാണ് നേര്യമംഗലം വനമേഖലയിലെ ചീയപ്പാറ വെള്ളച്ചാട്ടം. ദേശീയപാതയിലൂടെ സഞ്ചരിക്കുന്ന വരെല്ലാം ഈ വെള്ളച്ചാട്ടത്തിൻറെ ഭംഗി ആസ്വദിച്ചാണ് യാത്ര തുടരാറുള്ളത്.

BIJU TVPM

കൂടുതൽ വിവരങ്ങളുമായി ആകാശവാണി
ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...
(വോയിസ്...........)

*************************************************************************

**<u>മെഡിക്കൽകോളേജിൽ രോഗി കുടുങ്ങി</u>**

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ രോഗി രണ്ട് ദിവസം ലിഫ്റ്റിൽ കുടുങ്ങി. ശനിയാഴ്ച രാവിലെ 11 മണിക്ക് ലിഫ്റ്റ് കയറിയ രോഗിയെ ഇന്ന് രാവിലെ രാവിലെ ആറുമണിക്കാണ് കണ്ടെത്തിയത്. തിരുമല സ്വദേശി രവീന്ദ്രൻ നായരാണ് ലിഫ്റ്റിൽ കുടുങ്ങിയത്. മെഡിക്കൽ കോളേജിലെ ഓർത്തോ വിഭാഗത്തിന് സമീപമുള്ള ലിഫ്റ്റിലാണ് കുടുങ്ങിയത്. രവീന്ദ്രൻ നായരെ കാണാതായതിൽ കുടുംബം മെഡിക്കൽ കോളേജിൽ പോലീസിൽ പരാതി നൽകിയിരുന്നു. ഇന്ന് രാവിലെ ലിഫ്റ്റ് ഓപ്പറേറ്റർ എത്തി തുറന്നപ്പോഴാണ് രവീന്ദ്രൻ നായരെ കണ്ടത്. ലിഫ്റ്റിന് തകരാർ ഉണ്ടെന്ന് മുന്നറിയിപ്പ് എഴുതി വെച്ചിരുന്നില്ലെന്നാണ് കുടുംബത്തിൻറെ ആരോപണം. സ്ഥിരമായി ഉപയോഗിക്കുന്ന ലിഫ്റ്റ് അല്ലെന്ന് മെഡിക്കൽ കോളേജ് അധികൃതർ വ്യക്തമാക്കി. സംഭവം അന്വേഷിക്കുമെന്ന് മെഡിക്കൽ കോളേജ് സൂപ്രണ്ട് അറിയിച്ചു. സംഭവം അന്വേഷിച്ച് നടപടി സ്വീകരിക്കാൻ ആരോഗ്യ മന്ത്രി വീണാ ജോർജ് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് നിർദേശം നൽകി.

*************************************************************************

**<u>എം.പി മാരുടെ യോഗം</u>**

പാർലമെന്റ് മൺസൂൺ സമ്മേളനത്തിനു മുന്നോടിയായുള്ള എം.പി.മാരുടെ യോഗം തിരുവനന്തപുരത്ത് ചേർന്നു . ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ

RNU TVPM

അധ്യക്ഷതയിലാണ് യോഗം ചേർന്നത്. പാർലമെന്റ് സമ്മേളനത്തിന് മുന്നോടിയായി സംസ്ഥാനത്തിന്റെ നിലപാടുകളെ കുറിച്ചും ആവശ്യങ്ങളെക്കുറിച്ചും യോഗം ചർച്ച ചെയ്തു.

**********************************************************************

**<u>ഓഹരി</u>**

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. ബോംബെ ഓഹരിസൂചിക സെൻസെക്സ് 213 പോയിൻറ് ഉയർന്ന് 80,732-ലും ദേശീയ ഓഹരിസൂചിക നിഫ്റ്റി 95 പോയിൻറ് ഉയർന്ന് 24,597 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണവില കുറഞ്ഞു. ഗ്രാമിന് 10 രൂപ കുറഞ്ഞ് 6,750 രൂപയും പവന് 80 രൂപ കുറഞ്ഞ് 54,000 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

****************

**********************************************************************

*****************************************